പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3559

12.05.2017 -ലെ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് ഗോഡൗണുകളിലെ തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ സിവിൽ സപ്ലൈസ് ജില്ലാ ഗോഡൗണുകൾ അടച്ചു പൂട്ടി താലൂക്ക് തല ഗോഡൗണുകൾ ആരംഭിക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരുടെ സംരക്ഷണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വാതിൽപ്പടി റേഷൻ വിതരണം നടപ്പിലാക്കുമ്പോൾ നിലവിൽ പ്രവർത്തിച്ചു വരുന്ന 333 സ്വകാര്യ വിതരണ ഗോഡൗണുകൾ 75 കേന്ദ്രീകൃത ഗോഡൗണുകളായി കുറയ്ക്കേണ്ടി വരുമ്പോൾ നിലവിൽ സ്വകാര്യ വിതരണ ഗോഡൗണുകളിൽ ജോലി ചെയ്യുന്ന ചുമട്ടു തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കാതെ സംരക്ഷിക്കുന്നതിന് ജില്ലാ കളക്ടർ, ജില്ലാ ലേബർ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, വെയർ ഹൗസിംഗ് കോർപ്പറേഷൻ ഏര്യ മാനേജർ, ട്രേഡ് യൂണിയൻ ഭാരവാഹികൾ എന്നിവർ ചേർന്ന് അതാത് ജില്ലകളിലെ പ്രശ്നങ്ങൾ ചർച്ച് ചെയ്ത് പരിഹരിക്കാൻ നിർദ്ദേശം നൽകുകയും അതനുസരിച്ച് നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| ബി) എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടം നേരിടുക; വിശദമാക്കുമോ? | ബി) എണ്ണം കണക്കാക്കിയിട്ടില്ല. |

Sreekala

**സെക്ഷൻ ഓഫീസർ**